ധാരണാപത്രം ഒപ്പുവച്ചാലുടൻ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

പത്തനംതിട്ടയിലെ റാന്നിയിലുള്ള കൊക്കത്തോട്ടിലെ നീരാമക്കുളത്ത് സ്ഥാപിക്കുന്ന സൗരനിലയത്തിന് സ്ഥലം നൽകാൻ ആരുവാപാലം പഞ്ചായത്ത് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇനി ടെണ്ടർ നൽകിയ ശേഷം ടേൺ കീ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

15 (*503)ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥന്മാർ സർക്കാർ വാഹനങ്ങൾ ധാരാളമായി ദുരുപയോഗം ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, ഇത് പാലിക്കാതെ സർക്കാർ വാഹനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇല്ല.

(ബി) 22.10.90 ലെ സർക്കാർ ഉത്തരവ് (പി) നംപർ 529/90/ധന. പ്രകാരവും ധനകാര്യ സീക്രട്ട് വകുപ്പിൽ നിന്നുള്ള 8.2.91 ലെ സർക്കുലർ നംപർ. 18/91/ഫിൻ. പ്രകാരവും വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന് നടപടി

16 (*504)ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനും കുറ്റമറ്റതാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ക്രമാതീതമായ തിരക്ക് ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സീനിയോറിറ്റി ലംഘിച്ച് ജോലിക്കായി ആളെ നിർദ്ദേശിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സീനിയോറിറ്റി ലംഘനമുണ്ടാവുന്നില്ലെന്ന് ഉറപ്പ് വരുത്തുവാൻ എന്ത് സംവിധാനമാണുള്ളതെന്ന് വിശദമാക്കാമോ;

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനത്തിൽ അഴിമതി ഒഴിവാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികൾ പുതുതായി സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ) സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഘട്ടംഘട്ടമായി കമ്പ്യൂട്ടർവത്കരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുണ്ട്. കൂടാതെ തിരക്കൊഴിവാക്കാനായി കാട്ടാക്കട, കുറ്റിപ്പുറം, മട്ടന്നൂർ, ബാലുശ്ശേരി, കിളിമാനൂർ, കുണ്ടറ, താമരശ്ശേരി, പരവൂർ മുതലായ സ്ഥലങ്ങളിൽ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും തിരുവനന്തപുരത്തെ ഉള്ളൂരിൽ ഒരു റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയുള്ള നിയമനങ്ങൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ മൂന്നു വർഷത്തിലൊരിക്കൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നുമാണ് ഉദ്യോഗദായകർക്ക് നാമനിർദ്ദേശം നൽകുന്നത്. സീനിയോറിറ്റി ലിസ്റ്റ് ഉദ്യോഗാർത്ഥികൾക്ക് പരിശോധിക്കാൻ അവസരമുണ്ട്. ഈ വിവരം എല്ലാ എപ്ലോയ്മെന്റ് ഓഫീസുകളിലും എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്.

(ഇ) മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിന് ശുപാർശ ചെയ്യാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരേ ദിവസം പേര് രജിസ്റ്റർ ചെയ്യുന്ന പുരുഷനും സ്ത്രീക്കും സീനിയോറിറ്റി നൽകുന്നതിൽ നിലനിന്നിരുന്ന അവ്യക്തത മാറ്റി ഇപ്പോൾ രണ്ട് വിഭാഗത്തിൽപ്പെട്ടവർക്കും കൂടി ഒരു X-63 (രജിസ്ട്രേഷൻ റിക്കാർഡ്) മതി എന്ന് തീരുമാനിച്ചിട്ടുണ്ട്. ഇങ്ങനെ പൊതുവായി ഒരു രജിസ്ട്രേഷൻ റിക്കാർഡ് ഉപയോഗിക്കുമ്പോൾ ഒന്നാമതു വന്നവരെ ഒന്നാമതായി തന്നെ രജിസ്റ്റർ ചെയ്ത് നമ്പർ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly